ചിറ്റാർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994ലെ 13) 232, 233, 234, 254 എന്നീ വകുപ്പുകളും

അതേ തുടർന്നുള്ള ചട്ടങ്ങളും അനുസരിച്ച്

ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കായി നൽകുന്ന

# ലൈസൻസ്

നമ്പർ : ജെസി1/ 1298/ 2024

തീയതി : 25.06.2024

| | | |
|---|---|---|
| ലൈസൻസിയുടെ പേരും മേൽവിലാസവും | തോമസ് ഫിലിപ്പ്, മാനേജിംഗ് ഡയറക്ടർ,ഡെൽറ്റ അഗ്രിഗേറ്റ്സ് & സാൻഡ് പ്രൈവറ്റ് ലിമിറ്റഡ് | |
| സ്ഥാപനത്തിന്റെ പേരും സ്ഥലനാമവും | ഡെൽറ്റ അഗ്രിഗേറ്റ്സ് & സാൻഡ് പ്രൈവറ്റ് ലിമിറ്റഡ് ,946/2-P-18,946/2-P19,946/2-P20,946/2-P21,946/2-P23- VILLAGE OFFICE CHITTAR | |
| ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | കരിങ്കല്ല് പാറമട നടത്തുന്നതിന് | |
| കെട്ടിടത്തിന്റെ നമ്പരും വാർഡ് നമ്പരും | 559/4 | |
| ലൈസൻസ് കാലയളവ് | 08-05-2024 മുതൽ 31-03-2029 വരെ | |
| ഈടാക്കിയ ലൈസൻസ് ഫീസ് | ₹50000 | രസീത് നം: 1240100383<br>തീയതി: 08-05-2024 |
| തൊഴിൽക്കരം | ₹6250 + ₹6250 | രസീത് നം: 124100383<br>തീയതി: 08-05-2024 |
| ലൈസൻസ് അനുവദിക്കുന്നതിനായി ഹാജരാക്കിയ നിരാക്ഷേപപത്രങ്ങളുടെ വിശദാംശങ്ങൾ (നമ്പർ, തീയതി, കാലയളവ്, നൽകിയ അധികാരസ്ഥാനം) | MOTOR FEE-15000,(1240100384),INSTILLATION FEE-200 (1240100385) CONSENT LETTER OF LAND OWNER,LAND TAX,POSSESSION CERTIFICATE (NO.84153114 DTD.15.03.2024) EXPLOSIVE LICENSE,(VALID UP TO 31.03.2028) NOC FIRE AND RESCUE,BLASTMANLICENSE,LETTER OF INDENT,SURVEY MAP,ENVIRONMENT CLEARANCE CERTIFICATE,GO-MINING AND GEOLOGY VALIDITY OF EC (DMG/126/2024-M2 DTD.19.03.2024). KSPCB CERTIFICATE (NO.PT/ICO/10063486/2024,VALID UP TO 21.04.2029,GO-INDUSTRY DEPARTMENT,CIRCULAR (NO.PAN/6080/19/C4(DP) DTD.11.11.2019) NATIONAL HIGH WAYS AUTHORITY LETTER, KERALA GAZETTE EXTRA ORDINARY NO.3/2024 DTD.10.01.2024 | |

സെക്രട്ടറി

ചിറ്റാർ ഗ്രാമപ്പഞ്ചായത്ത്

## ലൈസൻസി താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു.

1. കേരള പഞ്ചായത്ത് രാജ് ആക്ടും അതേത്തുടർന്നുള്ള ചട്ടങ്ങളും ബൈലോകളും അനുസരിച്ച് പ്രവർത്തിക്കേണ്ടതാകുന്നു.

2. തൊഴിൽസ്ഥലവും അതിലുള്ള സാധനസാമഗ്രികളും പഞ്ചായത്ത് അധികാരികൾക്കോ / സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി വേണ്ട സൗകര്യങ്ങൾ നൽകേണ്ടതും അവർ ആവശ്യപ്പെട്ടാൽ ഈ ലൈസൻസ് കാണിക്കേണ്ടതുമാകുന്നു.

3. ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസി തന്റെ പേരും ലൈസൻസിന്റെ നമ്പരും ഉദ്ദേശ്യവും കാണിക്കുന്ന ഒരു അടയാളപ്പലക വെച്ചിരിക്കേണ്ടതാണ്.

4. പഞ്ചായത്തിൽനിന്നും അനുവാദം സിദ്ധിച്ച ശേഷമല്ലാതെ തൊഴിൽസ്ഥലം മാറ്റാൻ പാടില്ലാത്തതും തൊഴിൽ നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി പഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു.

5. തൊഴിൽസ്ഥലവും പരിസരങ്ങളും വൃത്തിയായും സാംക്രമികരോഗങ്ങൾക്ക് ഉണ്ടാകാത്തവിധത്തിലും പൊതുജനോപദ്രവമാകാത്ത വിധത്തിലും വ്യാപാരത്തിനു വെച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഈച്ച, അണക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്.

6. ഏതൊരു പ്രവൃത്തിദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.

7. ആ സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റു പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്.

8. ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുമരുകളുടെ അകവശത്തിന്റെ ഏതൊരു ഭാഗവും മേൽപ്പറഞ്ഞ പരിസരത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചുവീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ ചപ്പുചവറോ അസഹ്യവും ഉപദ്രവകരവുമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായി കേടുപാടു തീർത്തു നിലനിർത്തേണ്ടതാണ്.

9. ലൈസൻസി മേൽപ്പറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടുചേർന്നുള്ള ഏതൊരു ഓവുചാലും അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാടുതീർത്തും വെപ്പിക്കേണ്ടതാണ്.

10. അയിത്തം ആചരിക്കുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതാണ്.

11. ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠരോഗമോ, വ്രണമോ പകർച്ചവ്യാധികളോ ഉള്ള യാതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്തും പരിസരത്തും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

12. നിരോധിത പ്ലാസ്റ്റിക് ഇനങ്ങൾ ഉൽപ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ പാടില്ല.

13. സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്.

14. 20 സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ടോയിലെറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്

15. നിരോധിത ഉൽപ്പന്നങ്ങളായ പാൻമസാല, ഗുഡ്ക തുടങ്ങിയവ സംഭരിച്ച് വെക്കുവാനോ വിൽക്കുവാനോ പാടില്ല.

16. ബാലവേല അനുവദിക്കുവാൻ പാടില്ല.

17. മുകളിൽ കാണിച്ചിരിക്കുന്ന വ്യവസ്ഥകളുടെ ലംഘനം ഈ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് കാരണമാകാവുന്നതാണ്.

18. പൊതുഭരണവകുപ്പിന്റെ 13-06-2020ലെ സ.ഉ.(സാധാ) 1877/2020/പൊ.ഭ.വ. ഉത്തരവു പ്രകാരമുള്ള കോവിഡ് പ്രോട്ടോക്കോൾ പാലിക്കണം.

19. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22-07-2017ലെ സ.ഉ.(സാധാ) 2511/2017/ത.സ്വ.ഭ.വ. പ്രകാരമുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കണം.

20. മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ചിട്ടുള്ള പെർമിഷൻ, ലൈസൻസ്, മറ്റ് ക്ലിയറൻസുകൾ എന്നിവ അതത് സമയങ്ങളിൽ പുതുക്കേണ്ടതാകുന്നു. അല്ലാത്ത പക്ഷം പഞ്ചായത്ത് അനുവദിച്ചിട്ടുള്ള ലൈസൻസ് സ്വമേധയാ റദ്ദാകുന്നതാണ്.

21.ലൈസൻസ് കാലാവധിക്കുള്ളിൽ അനുബന്ധ രേഖകളിൽ ഏതെങ്കിലും രേഖകൾ പുതുക്കേണ്ടതുണ്ടെങ്കിൽ ആയത് യഥാ സമയം പുതുക്കി വിവരം ലഭ്യമാകേണ്ടതാണ്

(ഒപ്പ്)
സെക്രട്ടറി
ചിറ്റാർ ഗ്രാമപഞ്ചായത്ത്

NB. ഈ ലൈസൻസ് ഡിജിറ്റലായി ഒപ്പ് വച്ചിട്ടുള്ളതായതിനാൽ പ്രത്യേകമായ ഒപ്പും സീലും ആവശ്യമില്ല. ഈ ലൈസൻസ് അവസാനിക്കുന്ന തീയതിക്ക് മുപ്പതു ദിവസത്തിനകം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.